ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 06.08.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ആധുനിക ഇന്ത്യയുടെ വികസനത്തിൻറെ കാഴ്ചപ്പാടാണ് കർത്തവ്യ ഭവൻ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു.

   **Prime Minister Narendra Modi said that Kartavya Bhavan is a vision of the development of modern India. The Prime Minister dedicated the Kartavya Bhavan in New Delhi to the nation.**

2. വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. മർച്ചന്റ് ഷിപ്പിംഗ് ബിൽ 2024 ലോക്സഭ പാസാക്കി.

   **Both the Houses of Parliament were adjourned for today following the opposition's uproar on various issues. The Merchant Shipping Bill 2024 was passed by the Lok Sabha.**

3. ഉത്തരകാശിയിൽ മേഘ വിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു.

   **Rescue operations by central and state agencies are progressing in the flash floods that occurred following a cloudburst in Uttarkashi.**

4. കേരളത്തിൽ മെഡിസെപ് ഇൻഷുറൻസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് മന്ത്രിസഭയുടെ അനുമതി.

Cabinet approves the second phase of the MediSep insurance scheme in Kerala.

5. പ്രതികൂല സാഹചര്യത്തെ തുടർന്ന് ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് 2025 മത്സരങ്ങൾ നാളത്തേക്ക് മാറ്റി.

Chennai Grand Masters 2025 postponed to tomorrow due to adverse conditions.

&&&&&&&&&&&&&&&&&&

## PREZ – HANDLOOM

രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ 11-ാമത് ദേശീയ കൈത്തറി ദിനാഘോഷ പരിപാടിയെ അഭിസംബോധന ചെയ്യും. ടെക്സ്റ്റൈൽസ് മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടിയിൽ രാജ്യത്തുടനീളമുള്ള 650-ഓളം നെയ്ത്തുകാരും വിദേശ ഉപഭോക്താക്കളും ഉൾപ്പെടെ പങ്കെടുക്കും. കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി ഗിരിരാജ് സിങ്, സഹമന്ത്രി പബിത്ര മാർഗരിറ്റ തുടങ്ങിയവർ സന്നിഹിതരായിരിക്കും. കൈത്തറി പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&

## PM KARTHAVYAPATH (INTRO)

21-ാം നൂറ്റാണ്ടിലെ ആധുനിക ഇന്ത്യയുടെ വികസന കാഴ്ചപ്പാടാണ് കർത്തവ്യഭവനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടന്ന പൊതുപരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് കർത്തവ്യ ഭവൻ നിർമിച്ചിരിക്കുന്നത്. ഇത് സർക്കാർ സേവനങ്ങൾ സുഗമമായി ജനങ്ങളിൽ എത്തിക്കാനും സർക്കാരിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സഹായിക്കുമെന്ന് പ്രധാന മന്ത്രി പറഞ്ഞു.

(വോയ്സ്)

വർഷങ്ങളോളം വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന സർക്കാർ ഓഫീസുകൾ കർത്തവ്യ ഭവനിലേക്ക് മാറ്റിയതിലൂടെ ഈ ഇനത്തിൽ കോടി കണക്കിന് രൂപ ലാഭിക്കാൻ സാധിക്കുമെന്നും അദ്ദേഹം

പറഞ്ഞു. രാവിലെ നടന്ന ചടങ്ങിൽ ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവ്വഹിച്ചു.

&&&&&&&&&&&&&&&&&&

## EVE-PAR-ADJOURN

വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. രാവിലെ സഭ സമ്മേളിച്ചപ്പോൾ ഉത്തരാഖണ്ഡിലെ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലോക്സഭയിൽ ഭരണപക്ഷ അംഗങ്ങൾ പരാമർശിച്ചു. ഹിരോഷിമ അണുബോംബ് സ്ഫോടനത്തിന്റെ 80-ാം വാർഷികമായ ഇന്ന് സഭ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ബിഹാറിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം മുദ്രാവാക്യം വിളിയുമായി നടുത്തളത്തിലിറങ്ങി. വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ, സഭയിൽ ചർച്ച ചെയ്യാൻ കഴിയില്ലെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു. ബഹളം രൂക്ഷമായതോടെ പ്രിസൈഡിങ് ഓഫീസർ സഭ ഇന്നത്തേക്ക് പിരിയുന്നതായി അറിയിച്ചു.
രാജ്യസഭയിലും സമാന സാഹചര്യമായിരുന്നു. അതിനിടെ, രാഷ്ട്രപതി ഭരണം നിലനിൽക്കുന്ന മണിപ്പൂരിന്റെ 2025-26 വർഷത്തെ വരവ്-ചെലവ് കണക്കുകൾ ധനമന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിച്ചു.

&&&&&&&&&&&&&&&&&&

## PARL - OPPOSITION

ബിഹാറിലെ വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണത്തിനെതിരെ പ്രതിപക്ഷ എംപിമാർ ഇന്ന് പാർലമെന്റ് പരിസരത്ത് പ്രതിഷേധ പ്രകടനം നടത്തി. എസ്ഐആർ നടപടിക്രമത്തെക്കുറിച്ച് പ്രതിപക്ഷ പാർട്ടികൾ ചർച്ച ആഗ്രഹിക്കുന്നുവെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം വോട്ടർ പട്ടികയിൽ നിന്ന് 65 ലക്ഷം പേർ പുറത്തായി എന്ന

ആരോപണങ്ങളിൽ ശനിയാഴ്ചയ്ക്കകം മറുപടി നൽകാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## LS-MERCHANT SHIPPING BILL

മർച്ചന്റ് ഷിപ്പിംഗ് ബിൽ 2024 ലോക്സഭ ഇന്ന് പാസാക്കി. 1958 ലെ മർച്ചന്റ് ഷിപ്പിംഗ് ആക്ടിന് പകരമാണ് പുതിയ ബിൽ. ഇന്ത്യ ഉൾപ്പെടുന്ന, സമുദ്ര ഉടമ്പടികളും അന്താരാഷ്ട്ര നിയമങ്ങളും കൃത്യമായി പാലിക്കുന്നെന്ന് പുതിയ ബിൽ ഉറപ്പാക്കുന്നു. ദേശീയ താൽപ്പര്യം നിറവേറ്റുന്നതിന് ഏറ്റവും അനുയോജ്യമായ രീതിയിൽ ഇന്ത്യൻ ഷിപ്പിംഗ് മേഖലയെ വികസിപ്പിയ്ക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

&&&&&&&&&&&&&&&&&&

## RS-CARRIAGE OF GOODS BILL

Carriage of Goods by Sea Bill 2025 പാർലമെന്റ് ഇന്ന് പാസാക്കി. ലോക്സഭാ നേരത്തെ പാസാക്കിയ ബില്ലിന് രാജ്യസഭ ഇന്ന് അംഗീകാരം നൽകി. Carriage of Goods by Sea Bill, 1925 ന് പകരമാണ് പുതിയ ബിൽ അവതരിപ്പിച്ചത്. ഒരു തുറമുഖത്ത് നിന്ന് ചരക്ക് നീക്കം നടത്തുന്നതുമായി ബന്ധപ്പെട്ട ചുമതലകളും അവകാശങ്ങളും ഉൾപ്പെടെ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.

&&&&&&&&&&&&&&&&&&

## UTTARAKHAND - DHARALI DISASTER UPDATE (INTRO)

ഉത്തരാഖണ്ഡിലെ ധരാലിയിൽ ഉണ്ടായ മേഘ വിസ്ഫോടത്തിൽ കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ ദുരിതാശ്വാസ-രക്ഷാ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുന്നു. ഉത്തരകാശിയിൽ ഘീർഗംഗ നദിയിലുണ്ടായ മിന്നൽ പ്രളയത്തിൽ അകപ്പെട്ട 130 പേരെ ഇതുവരെ രക്ഷപ്പെടുത്തി. ഗംഗോത്രിയിൽ 80 ഓളം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ധരാലി സന്ദർശിച്ച മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ദുരിതബാധിത കുടുംബങ്ങൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പ് നൽകി,

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യു.
(ഹോൾഡ്)

&&&&&&&&&&&&&&&&&&

## INDIAN ARMY-UTTARKASHI

ധരാലിയിലെ മേഘവിസ്ഫോടനത്തെത്തുടർന്ന് ഒരു ജൂനിയർ കമ്മീഷൻഡ് ഓഫീസറെയും 8 ജവാൻമാരെയും കാണാതായതായി ഇന്ത്യൻ സൈന്യം അറിയിച്ചു. തെരച്ചിലിനും രക്ഷാ പ്രവർത്തനത്തിനുമായി 225 ലേറെ സൈനികരെ വിന്യസിച്ചിട്ടുണ്ട്. അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും പാതകൾ പുനഃസ്ഥാപിക്കുന്നതിനുമായി കോംബാറ്റ് എഞ്ചിനീയർമാരും ധരാലിയിലെത്തിയിട്ടുണ്ടെന്ന് സൈന്യം അറിയിച്ചു. അതേസമയം ധരാലിയിൽ കുടുങ്ങിയ 28 അംഗ മലയാളി സംഘത്തിന്റെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉത്തരാഖണ്ഡ് മുഖ്യമന്ത്രിക്ക് കത്ത് നൽകി.

&&&&&&&&&&&&&&&&&&

## MEDISEP

കേരളത്തിൽ സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപിൻറെ അടിസ്ഥാന പരിരക്ഷ അഞ്ചു ലക്ഷം രൂപയായി ഉയർത്താൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.
മെഡിസെപ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിനാണ് അനുമതി നൽകിയിട്ടുള്ളത്. പോളിസിയുടെ കാലയളവ് രണ്ടു വർഷമായി കുറക്കാനും തീരുമാനിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## CHENNAI MASTERS-POSTPONED

ഇന്ന് ആരംഭിക്കാനിരുന്ന ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് 2025 മത്സരങ്ങൾ നാളത്തേക്ക് മാറ്റി. ഇന്നലെ രാത്രി ചെന്നൈയിലെ ഹയാത്ത് റീജൻസിയിൽ ഉണ്ടായ തീപിടുത്തത്തെത്തുടർന്നാണ് മത്സരം മാറ്റിയത്. ഇന്ത്യയുടെ അർജുൻ എറിഗൈസിയും അമേരിക്കൻ താരം അവണ്ടർ ലിയാങ്ങും തമ്മിലുള്ള

മത്സരമായിരുന്നു ഇന്ന് നടക്കേണ്ടിയിരുന്നത്. തീപിടുത്തത്തെത്തുടർന്ന്, എല്ലാ കളിക്കാരെയും പരിശീലകരെയും ഉദ്യോഗസ്ഥരെയും സുരക്ഷിത സ്ഥലത്തേക്ക് മാറ്റി. ഈ മാസം 15 വരെയാണ് മത്സരം.

&&&&&&&&&&&&&&&&&&

## PM-AGRICULTURE CONFERENCE

എം.എസ്. സ്വാമിനാഥൻ ജന്മ ശതാബ്ദിയോട് അനുബന്ധിച്ചുള്ള അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച വരെയാണ് സമ്മേളനം. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവായ എം.എസ്. സ്വാമിനാഥന്റെ സ്മരണയ്ക്കായി നാണയവും സ്റ്റാമ്പും ചടങ്ങിൽ പുറത്തിറക്കും.

&&&&&&&&&&&&&&&&&&

## LS-VAISHNAW OTT

അശ്ലീല ഉള്ളടക്കം പ്രദർശിപ്പിച്ചതിന് 43 ഒടിടി പ്ലാറ്റ്ഫോമുകൾക്ക് വിലക്ക് ഏർപ്പെടുത്തിയതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഒടിടി പ്ലാറ്റ്ഫോമുകളിൽ വരുന്ന ഉള്ളടക്കങ്ങൾ പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ചിലയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ്, ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

## VOTERS LIST

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനുമുള്ള അവസരം നാളെ അവസാനിക്കും. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തു ലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&